INTERNATIONAL CONGRESS ON KERALA STUDIES

അഞ്ചാമത് അന്താരാഷ്ട്ര കേരളപഠന കോൺഗ്രസിന്റെ മുന്നോടിയായി

# ത്രിദിന സംസ്ഥാനതല സെമിനാർ

# പൊതുവിദ്യാഭ്യാസം

28-30 ഏപ്രിൽ 2023 ◆ കോഴിക്കോട്



**എകെജി പഠനഗവേഷണകേന്ദ്രം**

തിരുവനന്തപുരം

10.02.2023

മാന്യസുഹൃത്തേ,

സ്കൂൾവിദ്യാഭ്യാസരംഗത്ത് അഭിമാനകരമായ നേട്ടങ്ങൾ കൈവരിച്ച സംസ്ഥാനമാണു കേരളം. ദേശീയാടിസ്ഥാനത്തിൽ പ്രഥമസ്ഥാനത്തു നാം തുടരുന്നു. ഇതിൽ അഭിമാനിക്കുമ്പോൾത്തന്നെ, ഈ രംഗത്ത് ഉയർന്നു വന്നിട്ടുള്ള പരിമിതികളും കണ്ടു വിലയിരുത്തേണ്ടതുണ്ട്. അതിനാൽ നേട്ടങ്ങൾ നിലനിർത്താനും കൂടുതൽ ഔന്നത്യം നേടാനും പരിമിതികൾ കണ്ടെത്തി മറികടക്കാനും കൂട്ടായ അന്വേഷണം ആവശ്യമാണ്.

മതനിരപേക്ഷതയിലും ജനാധിപത്യത്തിലും അധിഷ്ഠിതവും എല്ലാ കുട്ടികളേയും ഉൾക്കൊള്ളുന്നതും ഉൾച്ചേർക്കുന്നതും ആയ വിദ്യാഭ്യാസപദ്ധതി വികസിപ്പിക്കാൻ കഴിയണം. എക്സലൻസ് ആകണം ലക്ഷ്യം. കഴിഞ്ഞകാല അനുഭവങ്ങളിനിന്നു ലഭ്യമായ നന്മകളുടെ മേലെ ആകണം നവകേരളം പടുക്കേണ്ടത്. മുന്നോട്ടുള്ള പാത എന്താകണം എന്നത് ഗൗരവമായി ചർച്ച ചെയ്യേണ്ടതുണ്ട്. അതിനാണ് ഈ ബൃഹത്തായ വിദ്യാഭ്യാസസെമിനാർ സംഘടിപ്പിക്കുന്നത്.

ഇതിനു പശ്ചാത്തലമായി, കഴിഞ്ഞ കാൽ നൂറ്റാണ്ടിലെ വിദ്യാഭ്യാസാനുഭവങ്ങൾ സെമിനാറിന്റെ ആദ്യ ദിവസം സമഗ്രമായി വിലയിരുത്തും. ഈ കാലത്ത് ഏതെങ്കിലും ഘട്ടത്തിൽ നടത്തിയ നൂതനപ്രവർത്തനങ്ങളുടെ അനുഭവങ്ങൾ അവതരിപ്പിക്കാം. ചിലത് തുടർച്ച ഇല്ലാതെപോയവ ആകാം. വിദ്യാഭ്യാസപരിഷ്കാരങ്ങളുടെ യഥാർത്ഥ നടത്തിപ്പുകാർ തന്നെ ആയിരിക്കും പ്രബന്ധങ്ങളും അനുഭവങ്ങളും അവതരിപ്പിക്കുക. അവയോടു പ്രതികരിച്ച് പണ്ഡിതർ സംസാരിക്കും. വിദ്യാഭ്യാസരംഗത്തു വേണ്ട മാറ്റങ്ങളും തിരുത്തലുകളും പുതിയ ആശയ നിർദ്ദേശങ്ങളും രണ്ടും മൂന്നും ദിവസങ്ങളിൽ വിദഗ്ധർ മുന്നോട്ടുവയ്ക്കും.

സമാന്തരമായി സമ്മേളനങ്ങളിലാണ് അനുഭവ വിവരണം നടക്കുക. ആകെ 300 അവതരണങ്ങൾ. അനുഭവങ്ങൾ പോസ്റ്ററുകളാക്കി പ്രദർപ്പിക്കാനും സൗകര്യമുണ്ടാകും. പ്രബന്ധത്തിന്റെ പൂർണ്ണരൂപം അന്താരാഷ്ട്ര കേരളപഠന കോൺഗ്രസിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും. പ്രസിദ്ധീകരണയോഗ്യമായ എല്ലാ അവതരണത്തിന്റെയും സംഗ്രഹങ്ങൾ അച്ചടിക്കും.

സെമിനാറിന്റെ വിവരം സഹപ്രവർത്തകരുമായി പങ്കുവയ്ക്കുകയും പ്രതികരണം ഇ-മെയിൽ (info@akgcentre.in) വഴി അറിയിക്കുകയും ചെയ്യുമല്ലോ. താങ്കളുടെ ശ്രദ്ധയിൽ നൂതനങ്ങളായ അക്കാദമികപ്രവർത്തനങ്ങൾ നടത്തിയവരോ നടത്തുന്നവരോ ആയ അധ്യാപകർ, സ്കൂളുകൾ, തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ഉണ്ടെങ്കിൽ അവരുടെ പേരും വിഷയവും ഇ-മെയിൽ ഐഡിയും അയച്ചുതരികയും വേണം. അവർക്കു ഞങ്ങൾ നേരിട്ടു ക്ഷണക്കത്ത് അയയ്ക്കാം. സെമിനാറിന്റെ സ്ഥലം, കാര്യപരിപാടി എന്നിവയും കൂടുതൽ വിവരങ്ങളും പിന്നാലെ അറിയിക്കുന്നതാണ്.

സെമിനാറിന്റെ ഉള്ളടക്കം ഏറ്റവും മികവുറ്റതാക്കുന്നതിന് എല്ലാവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

പഠനകോൺഗ്രസ്സ് അക്കാദമികസമിതി


**എസ്. രാമചന്ദ്രൻ പിള്ള** — ചെയർമാൻ

**ഡോ. റ്റി. എം. തോമസ് ഐസക്ക്** — സെക്രട്ടറി

സെമിനാർ അക്കാദമികസമിതി പൊതുവിദ്യാഭ്യാസം

**പ്രൊഫ. സി.രവീന്ദ്രനാഥ്** — ചെയർമാൻ

**ഡോ. സി. രാമകൃഷ്ണൻ** — കൺവീനർ



1

ഒന്നാം ദിവസം

**28.04.2023**

**അനുഭവാവതരണം**

2

രണ്ടാം ദിവസം

**29.04.2023**

**വിഷയമേഖല തിരിച്ച് ഭാവിയിലേക്കുള്ള നിർദ്ദേശങ്ങൾക്കു രൂപം നല്കൽ**

3

മൂന്നാം ദിവസം

**30.04.2023**

**ചർച്ചകളുടെ ക്രോഡീകരണം**




**ഒന്നാം ദിവസം**

# അനുഭവാവതരണം

- അനുഭവ വിവരണങ്ങളിൽ അക്കാദമിക പ്രവർത്തനങ്ങൾക്കാകും പ്രാധാന്യം
- കേരളത്തിലെ പൊതുവിദ്യാഭ്യാസരംഗത്തു നടന്ന നിരവധിയായ ഗവേഷണാത്മകയിടപെടലുകൾ.
- പ്രാദേശികാവശ്യങ്ങളോടു പ്രതികരിച്ചു ജനകീയാസൂത്രണാരംഭംമുതൽ നടത്തിയ വ്യത്യസ്തമായ വിദ്യാഭ്യാസയിടപെടലുകൾ.
- അക്കാദമികനിലവാരം ഉയർത്താൻ നടത്തിയ സൂക്ഷ്മതല അന്വേഷണങ്ങൾ.
- സൈദ്ധാന്തികാശയങ്ങൾ പ്രയോഗവത്കരിച്ചതിന്റെ ദൃഷ്ടാന്തങ്ങൾ.
- ജനകീയമായ വിദ്യാഭ്യാസവികസനമാതൃകകൾ.
- നൂതനാശയങ്ങളും പ്രായോഗികാനുഭവങ്ങളും.
- പുതിയ സാധ്യതകൾ.
- നാളെത്തെ വിദ്യാഭ്യാസത്തിനു വഴികാട്ടി ആകുന്ന ചിന്തകൾ.

**രണ്ടാം ദിവസം**

# വിഷയമേഖല തിരിച്ച് ഭാവിയിലേക്കുള്ള നിർദ്ദേശങ്ങൾക്കു രൂപം നല്കൽ

പൊതുവിദ്യാഭ്യാസനിലവാരം ഉയർത്താനും പുതുകേരളം സൃഷ്ടിക്കാനുമുള്ള അന്വേഷണം.

- ദേശീയവിദ്യാഭ്യാസനയം – ബദൽ സമീപനം
- അധ്യാപകപ്രൊഫഷണലിസം - തടസങ്ങളും സാധ്യതകളും
- വിജ്ഞാനസമൂഹവും സ്കൂൾവിദ്യാഭ്യാസവും
- ജീവിതഗന്ധിയായ ഗണിതപഠനം
- ശാസ്ത്രബോധത്തിലേക്കു നയിക്കുന്ന ശാസ്ത്രപഠനം
- ഭാഷാപഠനവും ഭാഷയിലൂടെയുള്ള പഠനവും
- ചരിത്രബോധം ഉളവാക്കുന്ന ചരിത്രപഠനം
- ആരോഗ്യ, കായിക, കലാ വിദ്യാഭ്യാസം
- സാങ്കേതികവിദ്യ പഠന-ബോധനപ്രവർത്തനത്തിന്
- പരീക്ഷകളിൽനിന്നു വിലയിരുത്തലിലേക്ക്
- തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം
- എല്ലാ കുട്ടികളേയും ഉൾക്കൊള്ളുകയും ഉൾച്ചേർക്കുകയും ചെയ്യുന്ന പാഠ്യപദ്ധതി
- അരികുവൽക്കരിക്കപ്പെടുന്നവരുടെ വിദ്യാഭ്യാസം
- ലിംഗസമത്വം, ലിംഗനീതി
- ജൻഡറും വിദ്യാഭ്യാസവും
- ശിശുവിദ്യാഭ്യാസം
- പ്രായത്തിനനുഗുണമായ പഠനം, അഭിരുചിക്കനുഗുണമായ പഠനം
- പൗരബോധവും സ്കൂൾ വിദ്യാഭ്യാസവും
- ജനായത്തവിദ്യാലയങ്ങൾ
- വിദ്യാലയങ്ങളെ സാമൂഹികപഠനകേന്ദ്രങ്ങളാക്കി വളർത്തൽ
- വിദ്യാഭ്യാസഗവേഷണവും വിദ്യാഭ്യാസത്തിലെ ഗവേഷണവും
- രക്ഷാകർതൃവിദ്യാഭ്യാസം
- സ്കൂൾ ജനാധിപത്യസംവിധാനങ്ങൾ (പിടിഎ, എസ്എംസി, സ്കൂൾ പാർലമെന്റ്)
- തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും വിദ്യാഭ്യാസവും
- ഘടനാപരമായ മാറ്റങ്ങൾ (സിസ്റ്റമിക് റിഫോംസ്)
- തുടർ വിദ്യാഭ്യാസം

ഇനിയും വിഷയ മേഖലകൾ കണ്ടെത്താം

മൂന്നാം ദിവസം

## ചർച്ചകളുടെ ക്രോഡീകരണം

### പ്രബന്ധം/അനുഭവക്കുറിപ്പുകൾ അവതരിപ്പിക്കുന്നവർ

- ക്ലാസുമുറിയിൽ പ്രായോഗികാനുഭവമുള്ള അധ്യാപകർ, വിരമിച്ചവർ.
- ബിആർസി ട്രെയിനർമാർ, മുൻ ട്രെയിനർമാർ.
- ഡയറ്റ്, എസ്.സി.ഇ.ആർ.ടി. ഫാക്കൽറ്റി, മുൻ ഫാക്കൽറ്റികൾ.
- തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ, മുൻ ജനപ്രതിനിധികൾ.
- സ്കൂളുകളുമായി ബന്ധപ്പെട്ടവർ.
- തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുമായി ബന്ധപ്പെട്ടവർ.
- ഗവേഷണസ്ഥാപനങ്ങളുമായി ബന്ധപ്പെട്ടവർ.
- ഗവേഷകർ, വിദ്യാഭ്യാസതത്പരർ
- വിദ്യാർത്ഥികൾ

### സമയക്രമം

പ്രബന്ധം/അനുഭവക്കുറിപ്പുകൾ അവതരണതാത്പര്യം **ഫെബ്രുവരി 25-നകം** അറിയിക്കണം പ്രബന്ധം /അനുഭവക്കുറിപ്പ് സംഗ്രഹം **മാർച്ച് 5-നകം** അയച്ചുതരണം. വിശദമായ പ്രബന്ധം **മാർച്ച് 30-നകം**

സംഗ്രഹത്തിൽ അനുഭവം/പ്രബന്ധം ഉള്ളടക്കമേഖല വിഷയം, ലക്ഷ്യങ്ങൾ, പ്രധാനപ്രവർത്തനങ്ങൾ അതുവഴി ഉണ്ടായനേട്ടം എന്നിവ രേഖപ്പെടുത്തണം. ഒരുപേജിൽ കവിയരുത്. അവതരിപ്പിക്കുന്ന വ്യക്തിയുടെ പേരും വിലാസവും ഫോൺ നമ്പറും ഇമെയിൽ വിലാസവും എഴുതണം.

**അവതരിപ്പിക്കാൻ താത്പര്യമുള്ളവർ എത്രയും വേഗം ഉള്ളടക്ക മേഖല സൂചിപ്പിച്ച് താഴെകൊടുത്ത ഇ-മെയിൽ ഐഡിയിൽ അറിയിക്കുക.**

ഇമെയിൽ: **info@akgcentre.in**
ഡോ. സി. രാമകൃഷ്ണൻ: **crpilicode@gmail.com** ◆ **94464 64727**
വെബ്സൈറ്റ്: **www.akgcentre.in**

godgraphics@gmail.com